## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6021** — **07.07.2014- ൽ മറുപടിക്ക്**

### കൃഷി ഓഫീസർമാരുടെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി ഓഫീസർമാരുടെ ആകെ എത്ര തസ്തികകളാണ് ഇപ്പോൾ ഒഴിവുള്ളതെന്ന് വ്യക്തമാക്കമോ; പ്രസ്തുത ഒഴിവുകൾ സർക്കാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാനുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കമോ: | (എ) കൃഷി ഓഫീസർമാരുടെ ആകെ 47 തസ്തിക ഒഴിഞ്ഞ് കിടപ്പുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത കൃഷി ഓഫീസർമാരുടെ ഒഴിവുകളില്ല. |
| (ബി) കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA-1502/2012 എന്ന നമ്പർ പെറ്റീഷന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും ട്രിബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കമോ; | (ബി) ഒ.എ. 1502/12 സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) കൃഷി വകുപ്പിൽ ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ്.ഡി (1) 26167/11 തീയതി 02.08.2012 പ്രകാരം കൃഷി ഓഫീസർമാരായി താൽക്കാലികമായി പ്രൊമോഷൻ നൽകി നിയമനം നൽകിയിരുന്ന 24 കൃഷി അസിസ്റ്റന്റുമാർ ഇപ്പോഴും ഈ വകുപ്പിൽ ഓഫീസർമാർ ആയി തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ അവർ ഏതു സാഹചര്യത്തിലാണ് കൃഷി ഓഫീസർമാർ ആയി തുടരുന്നതെന്ന് വ്യക്തമാക്കമോ; ഈ വിഭാഗത്തിന് | (സി) ഉണ്ട്. നിലവിൽ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുള്ളതിനാലും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലും 12.8.2012-ലെ ജി.ഒ (ആർ.റ്റി) 1246/12/എ.ഡി. ഉത്തരവ് പ്രകാരം കൃഷി ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക നിയമനം ലഭിച്ച 24 പേർ കൃഷി ഓഫീസർമാരായി തുടരുന്നു. ബി.എസ്.സി. (അഗ്രി.) ഉള്ള കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയുടെ 2% ആണ് പ്രൊമോഷന് |

| | | | |
|---|---|---|---|
| | അനുവദിക്കപ്പെട്ടിട്ടുള്ളത് എത്ര ശതമാനം ക്വാട്ടയാണെന്നും ആയതിൻ പ്രകാരം എത്ര പേർ ഇപ്പോൾ ഈ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ; ടി 24 കൃഷി ഓഫീസർമാരെ നിലനിർത്തിക്കൊണ്ടുള്ള പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | വേണ്ടി നീക്കി വച്ചിട്ടുള്ളത്. അതനുസരിച്ച് 22 പേരും, ജി.ഒ (ആർ.റ്റി) 1246/12/എ.ഡി., തീയതി.12.08.2012 പ്രകാരം താൽക്കാലിക നിയമനം ലഭിച്ച 24 പേരും ജോലി നോക്കുന്നു. ടി 24 കൃഷി ഓഫീസർമാരെ നിലനിർത്തിക്കൊണ്ട് പുതിയ ഉത്തരവ് ഇറക്കിയിട്ടില്ല. |
| (ഡി) | മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകിയ 24 പേർ കൃഷി ഓഫീസർമാരായി സർവ്വീസിൽ തുടരുന്നത് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA-NO-1502/2012 തീയതി 24.07.2012-ലെ വിധിയുടെ ലംഘനമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതി വിധി മാനിച്ച് ഇവരെ റിവർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | കൃഷി വകുപ്പ് ഡയറക്ടറുടെ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം കൃഷി ഓഫീസർമാരായി താൽക്കാലികമായി നിയമിക്കപ്പെട്ട ടി ആളുകൾ കൃഷി ഓഫീസർമാരായി ഇപ്പോഴും സർവ്വീസിൽ തുടരുന്നത് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA-NO.1502/2012 എന്ന നമ്പർ പെറ്റീഷന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ ലംഘനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ട്രിബ്യൂണലിൽ നൽകിയ സത്യവാങ്മൂലം പാലിക്കുന്നതിനനുസൃതമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ